# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-14)256/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-14)256/23 തീയ്യതി: 17/04/2023

## എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പോളി ടി.ഒ.ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.ഗോപകുമാർ എം.എസ്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഹരീഷ് പി.ആർ. ഓഡിറ്റർ

ശ്രീ.മുഹമ്മദ് ഷാഫി വി.എം.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഖദീജ മുഹമ്മദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എം എം ഷംസുദ്ദീൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. ആർ. മനോജ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ബിജിമോൾ ഭാസ്കരൻ | അസിസ്റ്റൻറ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജാസ്മിൻ തോമസ് | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീ.ഇ.എം.മനോജ് | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| ഡോ. റസിയ കരീം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ആശിഷ് ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ കെ പി ആനന്ദ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ .കെ പി സുധാരത്നം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്വപ്ന മാത്യു | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി രാജി കെ എസ് | വി ഇ ഒ. അടിവാട് | 01-04-2021 | 21-01-2022 |
| ശ്രീമതി ബേബി മോൾ എസ് | വി ഇ ഒ. അടിവാട് | 22-01-2022 | 31-03-2022 |
| ശ്രീമതി പാത്തുമ്മ ബീവി വി എ | ഹെഡ്മാസ്റ്റർ. ഗവ. എൽ പി എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി എലിസബത്ത് സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി രമ്യ കെ പി | വി ഇ ഒ. പല്ലാരിമംഗലം | 01-04-2021 | 10-08-2021 |
| ശ്രീമതി രാജി കെ എസ് | വി ഇ ഒ. പല്ലാരിമംഗലം (ചാർജ്ജ്) | 11-08-2021 | 21-01-2022 |
| ശ്രീമതി ബേബി മോൾ എസ് | വി ഇ ഒ. പല്ലാരിമംഗലം (ചാർജ്ജ്) | 22-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപ്പത്രിക | 1-2 |
| 3 | വാർഷികധനകാര്യപ്പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി MG NREGS | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി- അപാകങ്ങൾ | 1-11 |
| 13 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തതിലെ അപാകതകൾ | 1-12 |
| 14 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-13 |
| 15 | നഴ്സറി സ്കൂൾ പ്രവർത്തനം - അപാകങ്ങൾ | 1-14 |
| 16 | ബഡ്സ് സ്കൂൾ പ്രവർത്തനം - അപാകങ്ങൾ | 1-15 |
| 17 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത | 1-16 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | പ്രളയത്തിൽ നാശം സംഭവിച്ച തോടുകളുടേയും പുഴകളുടേയും പുനരുദ്ധാരണം - പ്രവൃത്തി ചെയ്ത സ്ഥലം വ്യക്തമല്ല | 1-18 |
| 20 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-19 |
| 21 | ലൈഫ് പദ്ധതി -ഭവന നിർമ്മാണം- കൈപ്പറ്റിയ തുക തിരിച്ചടപ്പിക്കണം | 1-20 |
| 22 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയതിലെ അപാകത | 1-21 |
| 23 | വായനശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വാങ്ങൽ- അപാകങ്ങൾ | 1-22 |
| 24 | ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ പരിപാലനം- മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - തുക നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 22/02/2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17/03/2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 89/2022(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1246624 | 128222423 | 129469047 | 128503447 | 965600 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021-2022 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021-2022പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് & പെമെന്റ്) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 12,82,22,423 | 5,13,22,471 | 7,68,99,952 |
| ചെലവ് | 12,85,03,447 | 5,14,79,653 | 7,70,23,794 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 7,68,99,952/- രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 7,70,23,794/- രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃതഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ് . ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2022 | 21/07/2022 |

## 1-2-1 വാർഷികധനകാര്യപ്പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

4.പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8762038 |
| വരവ് | 51322471 |
| ആകെ | 60084509 |

| | |
|---|---|
| ചെലവ് | 51479653 |
| നീക്കിയിരിപ്പ് | 8604856 |

| | |
|---|---|
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 5000 |
| തടസ്സപ്പെടുത്തിയ തുക | 212403 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 7323769 | 7323769 | 6835739 | 0 | 488030 |
| വികസന ഫണ്ട് (SCP) | | 0 | 1584101 | 1584101 | 1451950 | 0 | 132151 |
| വികസനഫണ്ട് (TSP) | | 0 | 7100 | 7100 | 0 | 0 | 7100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 12114734 | 12114734 | 11719597 | 0 | 395137 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 4948271 | 4948271 | 3050688 | 0 | 1897583 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) – Bank | | 0 | 1753000 | 1753000 | 1236547 | 0 | 516453 + 29834(Interest) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) – Treasury | | 0 | 783639 | 783639 | 783639 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | 0 | 2336600 | 2336600 | 2336600 | 0 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | | |
| സർവശിക്ഷാഅഭിയാൻ 320100116 | | 9874 | 0 | 9874 | 0 | 9874 | |
| NREGS | Admin 320 100 101 | 3215 | 314550 | 317765 | 310878 | 6887 | |
| | തൊഴിൽ കൂലി | 0 | 12265924 | 12265924 | 12265924 | 0 | |
| | Capital Contribution | | | | | | |
| ICDS 320 100 121 | | 223763 | 973795 | 1197558 | 1197558 | 0 | |
| PYCKA ( Programms For Yuva Creeda And Khel Abhiyan) 320 100 126 | | 1100 | 0 | 1100 | 0 | 1100 | |
| NPRPD (National Program For Rehabilitation Of Physically Disabled) 320 100 127 | | 611838 | 24719 | 636557 | 0 | 636557 | |
| ബഡ്സ് സ്കൂൾ ഗ്രാന്റ് 320 200 205 | | 1500000 | 0 | 1500000 | 0 | 1500000 | |
| ശുചിത്വ മിഷൻ ഫണ്ട് 320 200 322 | | 139000 | 130000 | 269000 | 130000 | 139000 | |
| വിമുക്തി 320 300 199 | | 1376320 | 550723 | 1927043 | 1035973 | 891070 | |
| MLA Fund 320 200 316 | | 15237 | 0 | 15237 | 0 | 15237 | |
| സമ്പൂർണ്ണ ശുചിത്വം 320 300 103 | | 391789 | 0 | 391789 | 384188 | 7601 | |
| കുടിവെള്ളം 320 200 317 | | 20000 | 0 | 20000 | 0 | 20000 | |
| ശ്മശാനം നിർമ്മാണ ഗ്രാന്റ് 320 200 318 | | 100000 | 0 | 100000 | 0 | 100000 | |
| നിർമ്മൽ പുരസ്കാർ 320 900 101 | | 74745 | 0 | 74745 | 0 | 74745 | |

വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ

തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ്പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | As Per RP-7 | കൂട്ടുക- ജി.ഒ പ്രൊജക്ടുകൾക്ക വേണ്ടി നീക്കിവെച്ച തുക | ആകെ | കുറയ്ക്കുക- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 |
|---|---|---|---|---|---|
| Dev.Fund -General | 6835759 | 2578133 | 9413892 | 202110 | 9211782 |
| Dev.Fund -SCP | 1451950 | 87999 | 1539949 | 0 | 1539949 |
| Maintanence Grant (Non Road) | 3050688 | 0 | 3050688 | 134240 | 2916448 |
| Maintanence Grant (Road) | 11719597 | 0 | 11719597 | 130185 | 11589412 |
| Central Finance Commission Grant(tied) | 2687243 | 0 | 2687243 | 218813 | 2468430 (1153430+ 1315000) |
| Central Finance Commission Grant(Untied) | 2020186 | 0 | 2020186 | 424650 | 1595536 (783639+ 811897) |
| MGNREGS | 12265924 | 0 | 12265924 | 1819804 | 10446120 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കി യത്- എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാ ക്കിയത്- എണ്ണം | നടപ്പി ലാക്കാ ത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 165 | 91132466 | 126 | 38436456 | 19 | 20 | 76.36% |

ഗ്രാമപഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിരിക്കുന്നത്. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പ് വിലയിരുത്തലിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളതെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അത്തരത്തിൽ നടന്നതായി മിനിറ്റ്സുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നില്ല. പദ്ധതി മാർഗ്ഗരേഖപ്രകാരം പദ്ധതി രൂപകരണത്തിലെ ചുമതലകൾ കഴിഞ്ഞാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുണ്ട്.എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം പദ്ധതി രൂപീകരണത്തിനായി ചേരുന്ന യോഗത്തോടെ അവസാനിക്കുന്നതായാണ് കാണുന്നത്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി MG NREGS

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3215 | 314550 | 317765 | 310878 | 6887 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12265924 | 12265924 | 12265924 | 0 |
| ആകെ | 3215 | 12580474 | 12583689 | 12576802 | 6887 |

21,30,682/- രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | തൊഴിൽ ആവശ്യ | തൊഴിൽ നല്കപ്പെട്ട | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 ദിവസം തൊഴിൽ |
|---|---|---|---|---|

| | | | | പ്പെട്ട വരുടെ എണ്ണം | വരുടെ എണ്ണം | | | | | ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ | | | ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ | |
| 2231 | 161 | 0 | 2392 | 620 | 620 | 28233 | 3196 | 0 | 31429 | 120 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 124 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 112 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2753200 | 172 |
| വിധവാപെൻഷൻ | 6935800 | 453 |
| വാർദ്ധക്യകാലപെൻഷൻ | 14086600 | 989 |
| വികലാംഗപെൻഷൻ | 3035300 | 191 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 112000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32744/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ രീതിയിൽ ജോലി വിഭജനം സമയാസമയങ്ങളിൽ നടത്തുകയും എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും ചെയ്യിട്ടുണ്ട്. ഓരോ സമയത്തും ആവശ്യമായ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകി ഓഫീസ് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഉദാഹരണമായി റീബിൽഡ് കേരള അപേക്ഷകൾ കൈകര്യം ചെയ്യൽ, അവധി ദിനങ്ങളിൽ അനധികൃത നിർമ്മാണം തടയുന്നതിനുള്ള സംവിധാനങ്ങൾ, മാലിന്യ സംസ്കരണം, നിയമസഭാ ചോദ്യോത്തരം, നികുതി പിരിവ്, കോവിഡ് രോഗനിയന്ത്രണം എന്നിവക്ക് പ്രത്യേകപ്രാധാന്യം ആവശ്യമായ സമയങ്ങളിൽ നൽകിയിട്ടുണ്ട്.

2) തൊഴിൽ നികുതിയുടെ രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നുണ്ടെങ്കിലും, എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിലും ഒരു തവണ മാത്രമാണ് 2021-22 വർഷത്തിൽ ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളത്.

4) സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2021 | 01.11.2020 മുതൽ 31.12.2020 വരെ | 18.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2021 | 01.04.2015 മുതൽ 18.06.2018 വരെ | 12.07.2018 |

## 1-11 തൊഴിൽ നികുതി- അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ 2021-22 വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബഡ്സ് സ്കൂൾ പല്ലാരിമംഗലം | രണ്ടാം അർദ്ധ വർഷം |
| 2 | ഇർഷാദിയ്യ പബ്ലിക് സ്കൂൾ, കുവള്ളൂർ | ഒന്നാം അർദ്ധ വർഷം |
| 3 | ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്ക്, കുവള്ളൂർ | രണ്ടാം അർദ്ധ വർഷം |
| 4 | കാനറ ബാങ്ക് അടിവാട് | രണ്ടാം അർദ്ധ വർഷം |
| 5 | കേരള മാച്ച് ഇൻഡസ്ട്രീസ് | ഒന്നാം അർദ്ധ വർഷം |
| 6 | മോഡേൺ ഹോസ്പിറ്റൽ അടിവാട് | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 7 | ബൈപാസ് ഗ്ലാസ് ഹൗസ് | ഒന്നാം അർദ്ധ വർഷം |
| 8 | ഫിഫാ ഓയിൽ മിൽസ് | ഒന്നാം അർദ്ധ വർഷം |
| 9 | ക്ഷീര സഹകരണ സംഘം അടിവാട് | ഒന്നാം അർദ്ധ വർഷം |
| 10 | മേൻമ ഫുഡ് ഇൻഡസ്ട്രീസ് | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 11 | യോഗക്ഷേമം ലോൺസ് ലിമിറ്റഡ് | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 12 | പല്ലാരിമംഗലം അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| 13 | പഞ്ചായത്ത് നഴ്സറി സ്കൂൾ, കുവള്ളൂർ | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 14 | എം ജി എം ഹോസ്പിറ്റൽ, അടിവാട് | രണ്ടാം അർദ്ധ വർഷം |
| 15 | ASAP സ്കിൽ ഡെവലപ്മെന്റ് സെന്റർ | രണ്ടാം അർദ്ധ വർഷം |
| 16 | ഇടുക്കി റെഡിമിക്സ്, പരീകണ്ണി | രണ്ടാം അർദ്ധ വർഷം |
| 17 | പൈമറ്റം പ്ലൈവുഡ് ഇൻഡസ്ട്രീസ് | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 18 | ലൈഫ് കെയർ മിഷൻ ഹോസ്പിറ്റൽ | രണ്ടാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8, തീയതി 25.02.2023) മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ മരണ റിപ്പോർട്ടുകൾ, സേവന സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരണപ്പെട്ടതിനു ശേഷം ചില ഗുണോഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും അവ സസ്പെന്റ് ചെയ്തിട്ടുള്ളത് പെൻഷണറുടെ മരണ തീയതി കഴിഞ്ഞ് കുറച്ച് മാസങ്ങൾക്കു ശേഷമാണ്. ആയതിനാൽ ചില ഗുണഭോക്താക്കളുടെ പെൻഷൻ അവർ മരിച്ചതിനു ശേഷവും നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര്/ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | തുക/ അനർഹമായ കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഏനിപ്പിള്ള, 106890200504 | 03.06.2021 | 3,200/-, ജൂലായ് 2021 മുതൽ ആഗസ്റ്റ് 2021 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് ചെയ്തിട്ടുണ്ട്. |
| 2 | റാഫിയ മുഹമ്മദ്, 106890600394 | 26.07.2021 | 1,600/-, ആഗസ്റ്റ് 2021 | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് ചെയ്തിട്ടുണ്ട്. |
| 3 | പാത്തുമ്മ അലിയാർ, 106890200127 | 16.05.2021 | 14,400/-, ജൂൺ 2021 മുതൽ ഫെബ്രുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് ചെയ്തിട്ടുണ്ട്. |
| 4 | ജോയ് തോമസ്, 106890200122 | 09.10.2021 | 4,800/-, നവംബർ 2021 മുതൽ ജനുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് ചെയ്തിട്ടുണ്ട്. |
| 5 | എം.കെ.കുഞ്ഞ്, 106890200789 | 05.10.2021 | 6,400/-, നവംബർ 2021 ഫെബ്രുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് ചെയ്തിട്ടുണ്ട്. |
| 6 | ആമിന മുഹമ്മദ്, 106890200674 | 20.11.2021 | 4,800/-, ഡിസംബർ 2021 ഫെബ്രുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് |

| | | | | |
|---|---|---|---|---|
| | | | | ചെയ്തിട്ടുണ്ട്. |
| 7 | ഐഷാ മൈതീൻ, 106890200628 | 27.11.2021 | 3,200/-, ഡിസംബർ 2021 ജനവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻന്റ് ചെയ്തിട്ടുണ്ട്. |
| | ആകെ | | 38,400/- | |

2) മരണപ്പെട്ടതിനു ശേഷം നാളിതുവരെയായും ചില ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തിട്ടില്ല. ടി അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാത്തതു മൂലം പെൻഷൻ അക്കൗണ്ടുകളിലേക്ക് നിലവിലും തുകകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതായി സേവന സോഫ്റ്റ് വെയറിൽ സ്റ്റാറ്റസ് കാണിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര്/ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | തുക/ അനർഹമായ കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പൈലി ആഗസ്റ്റി, 106890200513 | 24.05.2021 | 28,800/-, ജൂൺ 2021 മുതൽ നവംബർ 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 2 | പാത്തുമ്മ മുഹമ്മദ്, 106890200339 | 17.07.2021 | 25,600/-, ആഗസ്റ്റ് 2021 മുതൽ നവംബർ 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 3 | നസീമ പരീത്, 106890200301 | 09.08.2021 | 24,000/-, സെപ്റ്റംബർ 2021 മുതൽ നവംബർ 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| | ആകെ | | 78,400/- | |

3) മരണപ്പെട്ടതിനു ശേഷം ചില ഗുണഭോക്താക്കളുടെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും, കൃഷി വകുപ്പ് പെൻഷനുകളും ആക്റ്റീവായി തുടരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര്/ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | കൊച്ചു മുഹമ്മദ്, 2220124930 | 26.05.2021 | ചെറുകിട കർഷകർക്കുള്ള കാർഷിക പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 2 | തോമസ് കുര്യൻ, 2220125069 | 02.08.2021 | ചെറുകിട കർഷകർക്കുള്ള കാർഷിക പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 3 | കുട്ടപ്പൻ.പി.പി, 2170019667 | 23.08.2021 | കേരള ചെത്ത് തൊഴിലാളി ക്ഷേമ നിധി ബോർഡ് പെൻഷൻ |
| 4 | പരീത്.പി.എസ്, 2220125103 | 14.09.2021 | ചെറുകിട കർഷകർക്കുള്ള കാർഷിക പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 5 | ഹമീദ് മൈതീൻ, 2220124903 | 16.01.2022 | ചെറുകിട കർഷകർക്കുള്ള കാർഷിക പെൻഷൻ. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 6 | ചാക്കോച്ചൻ. കെ.ജെ, 2080047878, 2220125099 | 19.02.2022 | ചെറുകിട കർഷകർക്കുള്ള കാർഷിക പെൻഷൻ, അംശാദായ പെൻഷൻ - കേരള ഡയറി ഫാർമേഴ്സ് വെൽഫെയർ ഫണ്ട്. പെൻഷൻ അക്കൗണ്ടുകൾ ആക്റ്റീവ് ആണ്. |
| 7 | പരീത്.കെ.എം, 2043070347 | 13.02.2022 | മെമ്പർ പെൻഷൻ, കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |

4) പഞ്ചായത്തിന്റെ പരിധിയിൽ മരണപ്പെട്ടതും എന്നാൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന വ്യക്തിയുടെ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആയി തുടരുന്നതായി കാണുന്നു. പ്രസ്തുത വ്യക്തിയുടെ മരണവിവരം പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര്/ ഐ.ഡി. നമ്പർ | മരണപ്പെട്ട തീയതി | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പരീത് ലെബ.സി.എം, 105730202670 | 05.11.2021 | അടിമാലി ഗ്രാമപഞ്ചായത്ത് | നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാണമെന്നാവശ്യപ്പെട്ട് 27.02.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് മറുപടി ലഭ്യമാക്കിയില്ല.

23.09.2020 തീയതിയിലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അപ്രകാരം കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 1,16,800/- രൂപ (38,400 + 78,400) തിരിച്ച് പിടിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാൻ വേണ്ട തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതും, മേൽ പരാമർശിച്ച ക്ഷേമനിധി ബോർഡുകളിൽ നിന്നും മരണപ്പെട്ടതിനു ശേഷവും പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാത്ത വ്യക്തികളുടെ വിവരങ്ങൾ അതത് ബോർഡുകൾക്കും, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അറിയിപ്പുകൾ നൽകേണ്ടതും ആയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ , 190/21-22, | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ, 27/21-22 |
|---|---|---|
| അടങ്കൽ തുക | 89083/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) | 127921/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 89083/- | 127921/- |
| ബിൽ നം. / തീയതി (ACR പ്രകാരം) | 209, 14.02.2022 | 208, 14.02.2022 |

മേൽ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി HOMCO- ക്ക് ആകെ 217004/-രൂപ നൽകിയിരുന്നു. ലഭ്യമായ മരുന്നിന്റെ ഇൻവോയിസ് വിവരങ്ങൾ, ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. | തീയതി | തുക |
|---|---|---|---|
| 1 | LF 347 | 2.05.21 | 50000 |

| | | | |
|---|---|---|---|
| 2 | LF 1770 | 06.02.23 | 137001 |

മേൽ ഇൻവോയിസുകൾ കൂടാതെ 2020-21 വർഷത്തെ മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി HOMCO - ക്ക് നൽകാനുണ്ടായിരുന്ന 17600 രൂപ ഉൾപ്പടെ ആകെ 204601/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 12403/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6, തീയതി 25.02.2023) മറുപടി ലഭിച്ചിട്ടുണ്ട്. ബാക്കി തുകയുടെ മരുന്ന് ലഭ്യമാക്കി ഇൻവോയിസ് ഹാജരാക്കുന്നതുവരെ തുക തടസപ്പെടുത്തുന്നു.

1-14 നഴ്സറി സ്കൂൾ പ്രവർത്തനം - അപാകങ്ങൾ

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് നഴ്സറി എന്ന പേരിലുള്ള സാംസ്കാരിക ശിശുമന്ദിരം 1988 – 89 സാമ്പത്തിക വർഷം നിർമ്മിച്ചിട്ടുള്ളതും പ്രസ്തുത ശിശുമന്ദിരത്തിൽ നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിൽ ശ്രീമതി ടി എ അലീമ 7/12/1999 മുതലും നഴ്സറി സ്കൂൾ ആയ തസ്തികയിൽ ശ്രീമതി സി ബി നബീസ 1/6/1999 മുതലും ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നു.

6/8/2010 – ലെ സ.ഉ (എം എസ്) 170/10/ തസ്വഭവ ഉത്തരവ് പ്രാകാരം പതിനൊന്നിന പരിപാടി മുഖേന ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിതമായ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ ശിശുമന്ദിരങ്ങളിലെ നഴ്സറി ടീച്ചർമാർ ആയമാർ എന്നിവർ 31-12-2000 തിയതിക്കോ അതിന് മുമ്പോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി ചെയ്തിരുന്നവരുമായ ജീവനക്കാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി 3/5/2010 മുതൽ സ്ഥിരപ്പെടുത്താൻ ഉത്തരാവായിരുന്നു.

എന്നാൽ ഈ ഉത്തരവ് പ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ടി എ അലീമയേയും നഴ്സറി സ്കൂൾ ആയ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി സി ബി നബീസയേയും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിരുന്നില്ല. ഇതിന് എതിരെ ഇവർ ബഹു. കേരള ഹൈകോടതിയിൽ കേസ് ഫയൽ ചെയ്യുകയും 9/10/2019 – ലെ WP(C)34115/2014 നം പ്രകാരമുള്ള അനുകൂല വിധിയുടെ അടിസ്ഥാനത്തിൽ ഇവരെ 3/5/2010 പ്രാബല്യത്തിൽ പാർട്ട് ടൈം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി. 3/5/2010 മുതൽ 31-3-2-2020 വരെ ശമ്പളകുടിശികയായി നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി ടി എ അലീമക്ക് 7,80,913/-രൂപയും നഴ്സറി സ്കൂൾ ആയ ശ്രീമതി സി ബി നബീസക്ക് 8,43,214/- രൂപയും 2020-21, 2021-22 വർഷങ്ങളിൽ നൽകിയിട്ടുണ്ട്.

അവിടെ നിലവിൽ എത്ര കുട്ടികൾ ഉണ്ട് എന്നുള്ള ഒരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല.

ഇപ്പോൾ ശമ്പളം ഇനത്തിൽ നഴ്സറി സ്കൂൾ ടീച്ചർ ശ്രീമതി ടി എ അലീമക്ക് 21,678/-രൂപയും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 3,039/- രൂപയും നഴ്സറി സ്കൂൾ ആയ ശ്രീമതി സി ബി നബീസക്ക് 19,881/- രൂപയും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 2787/- രൂപയും നൽകി വരുന്നു.

എന്നാൽ നഴ്സറി സ്കൂൾ നടത്തിപ്പിനായി സർക്കാരിൽ നിന്ന് ഗ്രാന്റുകൾ ഒന്നും ലഭിക്കുന്നില്ല.

4/3/2020 – ലെ 44-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ആയതിനാൽ ശമ്പളകുടിശിക നല്കുന്നതിന് 20,00,000/ രൂപ ഗ്രാന്റ് അനുവദിച്ച് തരണമെന്നും ഈ നഴ്സറി സ്കൂൾ സാമൂഹിക ക്ഷേമവകുപ്പ് ഏറ്റെടുത്ത് നടത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

ഓഡിറ്റ് പരാമർശങ്ങൾ

1. നഴ്സറി സ്കൂളിലെ കുട്ടികൾക്ക് മറ്റ് അംഗൻവാടികളിലെ കുട്ടികൾക്ക് ലഭിക്കുന്ന യാതൊരു സഹായങ്ങളോ സൗകര്യങ്ങളോ ലഭിക്കുന്നില്ല. സ്കൂൾ ടീച്ചറുടെ കത്തിൽ കുട്ടികൾക്ക് ഉച്ച ഭക്ഷണം പോലും ശരിയായി ലഭിക്കുന്നില്ല എന്ന് പറയുന്നു.

2. പാർട്ട് ടൈം ജീവനക്കാരുടെ സർവ്വീസ് 70 വയസ്സാണെന്നിരിക്കേ അതുവരെ കുട്ടികളെ പരിപാലിക്കാനുള്ള ഇവരുടെ ആരോഗ്യസ്ഥിതിയും വ്യക്തമല്ല. (അംഗൻവാടി ടീച്ചർ മാരുടെ സർവ്വീസ് 62 വയസ്സ് മാത്രമാണ്.)

3. നഴ്സറി സ്കൂളിലെ പ്രൊജക്ടുകൾ നടപ്പിലാക്കുന്ന സംബന്ധിച്ച് വ്യക്തമായ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

4. നഴ്സറി സ്കൂളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ചും പഞ്ചായത്തിൽ വ്യക്തമായ രേഖകൾ ലഭ്യമല്ല.

5. ഈ പഞ്ചായത്തിൽ 16 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. നഴ്സറി സ്കൂളിലെ കുട്ടികളേയും ജീവനക്കാരെയും അങ്ങോട്ട് മാറ്റാവുന്നതാണോ എന്നും പരിശോധിക്കാവുന്നതാണ്.

6. നഴ്സറി സ്കൂൾ നടത്തിപ്പാനായി ശമ്പളം ഇനത്തിൽ മാത്രം പഞ്ചായത്തിന് മാസം 47,385/- രൂപ ചെലവാകുന്നു. എന്നാൽ ഇതിനായി ഒരു ഗ്രാന്റും ലഭിക്കുന്നില്ല. ഗ്രാന്റ് ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല

## 1-15 ബഡ്സ് സ്കൂൾ പ്രവർത്തനം - അപാകങ്ങൾ

ഈ പഞ്ചായത്തിൽ 2003 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചതാണ്. ഈ സ്കൂളിന്റെ എല്ലാ ചെലവുകളും പഞ്ചായത്താണ് നിർവഹിക്കുന്നത്. ഈ സ്കൂളിൽ 60 കുട്ടികൾ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ നിന്ന് കൂടാതെ വാരപ്പെട്ടി, പോത്താനിക്കാട്, പൈങ്ങോട്ടൂർ, കവളങ്ങാട് എന്നീ പഞ്ചായത്തിൽ നിന്നും കുട്ടികൾ വരുന്നുണ്ട്. ബഡ്സ് സ്കൂളിന്റെ വാഹനത്തിലാണ് ഇവരെ കൊണ്ടുവരുന്നതും കൊണ്ട് പോകുന്നതും. ഈ പഞ്ചായത്തുകൾ കൂടാതെ വണ്ണപ്പുറം പഞ്ചായത്തിൽ നിന്നും കുട്ടികൾ വരുന്നുണ്ട്. വണ്ണപ്പുറം പഞ്ചായത്തിൽ നിന്നുള്ള കുട്ടികൾ അവരുടെ വാഹനത്തിലാണ് വരുന്നതും പോകുന്നതും.

സ്കൂളിൽ ആകെ 5 ജീവനക്കാർ ഉണ്ട്. ഇവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നം | തസ്തിക | പേര് | മാസ സാലറി (2022-23) |
|---|---|---|---|
| 1 | ടീച്ചർ ഇൻ ചാർജ് | ശ്രീമതി. ശ്രീകല എം ആർ | 32,560 |
| 2 | ആയ | ശ്രീമതി. ഹാജറ അഷറഫ് | 18,390 |
| 3 | സ്പെഷ്യലിസ്റ്റ് ടീച്ചർ | ശ്രീമതി. ദയ ദാമോദരൻ | 18,390 |
| 4 | ഫിസിയോ തെറാപ്പിസ്റ്റ് | ശ്രീമതി. നോബി കര്യാക്കോസ് | 8,850 |
| 5 | ഡ്രൈവർ | ശ്രീ. മൈതീൻ കുഞ്ഞ് | 21,450 |
| ആകെ | | | 99,640 |

സ്കൂളിന്റെ മറ്റു ചെലവുകൾ താഴെ കൊടുക്കുന്നു

| നം | ഐറ്റംസ് | ചെലവ് (മാസ ചെലവ് ആവറേജ്) |
|---|---|---|
| 1 | വാഹന ഇന്ധന ചെലവ് | 20,525 |
| 2 | വാഹന മെയിന്റനൻസ് | 5,000 |
| 3 | ഇലക്ട്രിസിറ്റി ചാർജ്ജ് | 200 |
| 4 | പ്രിന്റിംഗ് & സ്റ്റേഷനറി | 5,000 |
| | ആകെ | 30,725 |

അതായത് പഞ്ചായത്തിന് ഒരു മാസം 1,30,365/- (99,640 + 30,725) പ്രകാരം ഒരു വർഷം 15,64,380/- രൂപ ചെലവ് വരുന്നു.
ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനായി തൻ വർഷം വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2020-21 – 7,86,250/- രൂപയും 2021-22 – ൽ 5,20,150/- രൂപയും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. കോൺട്രിബ്യൂഷൻ ആയി വാരപ്പെട്ടി പഞ്ചായത്തിൽ നിന്നും പോത്താനിക്കാട് പഞ്ചായത്തിൽ നിന്നും 2,00,000/- രൂപ വീതം ലഭിച്ചിട്ടുണ്ട്. ഈ വർഷം മാത്രമാണ് കോൺട്രിബ്യൂഷൻ ലഭിച്ചത്.
തനത് വർഷം ബഡ്സ് സ്കൂൾ ജീവനക്കാർക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം 2017 മുതലുള്ള കുടിശിക നൽകിയിട്ടുണ്ട്.

| Bank Account | Voucher No. | Details | Paid To | Cheque No & Date | Amount |
|---|---|---|---|---|---|
| Kerala Gramin Bank | 22100337 | (Honorarium Arreas To Buds School Teacher W.e.f.April 2017 To October 2018) :-KERALA GRAMIN BANK;ADIVAD; | Sreekala M R | 015458 ;06-Aug-2021 | 1,79,825.00 |
| Kerala Gramin Bank | 22100338 | (Honorarium Arreas To Buds School Aya W.e.f. April 2017 To October 2018) :-KERALA GRAMIN BANK;ADIVAD; | Hajara Ashraf | 015458 ;06-Aug-2021 | 1,89,175.00 |

| | | | | | |
|---|---|---|---|---|---|
| Kerala Gramin Bank | 22100339 | (Honorarium Arreas To Buds School Driver W.e.f.April 2017 To October 2018) :-KERALA GRAMIN BANK;ADIVAD; | Mytheenkunju K H | 015458 ;06-Aug-2021 | 1,27,100.00 |
| Kerala Gramin Bank | 22100637 | (Salary To Buds School Teacher From August 2021 To November 2021 From The Grant Given By Education Dept.):-Kerala Gramin Bank-OWN FUND -1028;ADIVAD; | Sreekala M R | 016608 ;10-Dec-2021 | 1,30,240.00 |
| Kerala Gramin Bank | 22100638 | (Salary To Buds School Aya From August 2021 To November 2021 From The Grant Given By Education Dept.):-Kerala Gramin Bank-OWN FUND -1028;ADIVAD; | Hajara Ahraf | 016608 ;10-Dec-2021 | 73,560.00 |
| Kerala Gramin Bank | 22100639 | (Salary To Buds School Driver From August 2021 To November 2021 From The Grant Given By Education Dept.):-Kerala Gramin Bank-OWN FUND -1028;ADIVAD; | K H Maitheenkunju | 016608 ;10-Dec-2021 | 80,260.00 |
| | | ആകെ | | | 7,80,160 |

ഈ സ്കൂൾ നേരിൽ കണ്ട് പരിശോധിച്ചതിൽ ഇത് വളരെ നന്നായി പ്രവർത്തിച്ച് വരുന്നതായി കാണുന്നു. ഏതാണ്ട് 50 വയസ്സ് താഴെ മുതലുള്ള 60 പഠിതാക്കൾ ഇവിടെയുണ്ട് എന്ന് കാണുന്നു. ഇത്രയും കുട്ടികളെ പരിപാലിക്കാൻ നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല എന്നും അറിയിക്കുകയുണ്ടായി. അത് ശരിയാണ് എന്നും മനസ്സിലാകുന്നു.

ഓഡിറ്റ് പരാമർശങ്ങൾ

1. പഠിതാക്കളെ പരിപാലിക്കാൻ നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല എന്നത് അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഈ സ്കൂളിലെ പഠിതാക്കളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തമായ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച ഒരു രേഖയും ഈ സ്ഥാപനം പഞ്ചായത്തിൽ നൽകുകയോ അല്ലെങ്കിൽ പഞ്ചായത്ത് ഇത് ആവശ്യപ്പെടുകയോ ചെയ്യുന്നില്ല.

3. ഈ സ്കൂളിൽ അഞ്ച് ജീവനക്കാർ ഉണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. അതായത് ഇവരെ നിയമിച്ചത് കരാർ അടിസ്ഥാനത്തിലാണോ ദിവസകൂലി അടിസ്ഥാനത്തിലാണോ എന്നും വ്യക്തമല്ല. കരാർ അടിസ്ഥാനത്തിലാണെങ്കിൽ ഇത് പുതുക്കുന്നതായ വിവരങ്ങളും ലഭ്യമല്ല. ഇവരുടെ ശമ്പളം എപ്രകാരം കണക്കാക്കി എന്നോ കുടിശിക എപ്രകാരം കണക്കാക്കി എന്നോ

വ്യക്തമല്ല. എത് കൗൺസിൽ തീരുമാന പ്രകാരമാണ് ഇവരെ നിയമിച്ചത് എന്നും വ്യക്തമാക്കേണ്ടതാണ്.
4. ഈ പഞ്ചായത്തിൽ നിന്ന് കൂടാതെ വാരപ്പെട്ടി, പോത്താനിക്കാട്, പൈങ്ങോട്ടൂർ, കവളങ്ങാട്, വണ്ണപ്പുറം എന്നീ പഞ്ചായത്തിൽ നിന്നും കുട്ടികൾ വരുന്നുണ്ട്. ഈ പഞ്ചായത്തുകളിൽ വാരപ്പെട്ടി, പോത്താനിക്കാട് എന്നീ പഞ്ചായത്തുകളിൽ നിന്നും ഈ വർഷം മാത്രമാണ് 2,00,000/- രൂപ വീതം കോൺട്രിബ്യൂഷൻ ലഭിച്ചിട്ടുള്ളത്. മറ്റ് പഞ്ചായത്തുകളിൽ നിന്നും ഇതുവരെ ഒരു കോൺട്രിബൂഷനും ലഭിച്ചിട്ടില്ല. കോൺട്രിബ്യൂഷൻ പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടില്ല.
5. ഈ സ്കൂളിന് പഞ്ചായത്ത് നൽകുന്ന സാമ്പത്തിക സഹായം കൂടാതെ മറ്റ് സംഭാവനകൾ ലഭിക്കുന്ന പക്ഷം അത് എപ്രകാരം അക്കൗണ്ട് ചെയ്യണം എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഇതിന്റെ വിനിയോഗം സംബന്ധിച്ചും വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഇതിനായി ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യാവുന്നതുമാണ്. സംഭാവനകൾ ലഭിക്കുകയാണെങ്കിൽ അത് പഞ്ചായത്ത് മുഖേന കുട്ടികൾക്ക് വേണ്ടി വിനിയോഗിക്കാവുന്നതുമാണ്.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.09/25.02.2023)നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല

## 1-16 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത

| | |
|---|---|
| പ്രവൃത്തി | മോഡേൺ പടി ഊട്ടിപ്പാറ റോഡ് നവീകരണം |
| പ്രൊജക്ട് | 9/22 |
| എസ്റ്റിമേറ്റ് | 3,60,000/- |
| കരാറുകാരൻ | ഇബ്രാഹിം പി കെ |
| എം. ബുക്ക്. | 1/21-22 |
| ആകെ ചെലവ് | 3,59,755/- Bill No. 120, 6/11/21 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഈ റോഡിന്റെ ചെയിനേജ് 189.4 മീറ്റർ മുതൽ 216.5 വരെയുള്ള 27.1 മീറ്റർ നീളത്തിൽ കട്ട വിരിക്കുകയും കൂടാതെ ഈ റോഡിന്റെ ചെയിനേജ് 73 മീറ്റർ മുതൽ 110 മീറ്റർ നീളത്തിൽ (110 X 0.85 X 0.15) ഇടത് വശത്തും ഈ റോഡിന്റെ ചെയിനേജ് 73 മീറ്റർ മുതൽ 126 മീറ്റർ നീളത്തിൽ (126 X 1.00 X 0.15)വലത് വശത്തും 0.15 വീതിയിൽ കോൺക്രീറ്റിംഗ് ചെയ്യുകയാണ് പ്രവൃത്തി.
ഈ പ്രവൃത്തിയുടെ എംബുക്ക് പ്രകാരം ഈ റോഡിന്റെ ചെയിനേജ് 189.4 മീറ്റർ മുതൽ 217.1 വരെയുള്ള 27.7 മീറ്റർ നീളത്തിൽ കട്ട വിരിച്ചിട്ടുണ്ട് കൂടാതെ റോഡിന്റെ രണ്ട് വശങ്ങളിലുമായി ആകെ 272.90 മീറ്റർ നീളത്തിൽ ആവറേജ് 0.8066 വീതിയിൽ 15 സെ. മി കനത്തിൽ കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ഇപ്രകാരം കോൺക്രീറ്റിംഗ് ചെയ്തതിന് മാത്രം 272.9 M X 0.806 M X 0.15 = 33.019 $M^3$ Ltd To 32.925 $M^3$ X 7782.5/$m^3$ = 2,56,238.81/- രൂപ നൽകിയിട്ടുണ്ട്.
ഈ പ്രവൃത്തി നേരിൽ പോയി കണ്ടതിൽ മുൻ വർഷം ടൈൽ ചെയ്ത റോഡിന്റെ ഇരുവശവുമാണ് കോൺക്രീറ്റിംഗ് ചെയ്തത് എന്ന് കാണുന്നു.
ഓഡിറ്റ് പരാമർശം
1. മുൻ വർഷം ടൈൽ ചെയ്ത റോഡിന്റെ ഇരുവശവുമാണ് കോൺക്രീറ്റിംഗ് ചെയ്തത് ആയതിനാൽ മുൻ വർഷം ടൈലിന് സൈഡിൽ ചെയ്ത കോൺക്രീറ്റിഗ് ചെയ്തത് പരിശോധിക്കേണ്ടതാണ്.
2. 15 സെ.മീ കനത്തിൽ മുഴവൻ വീതിയിലും കോൺക്രീറ്റിഗ് ചെയ്യേണ്ടതിന്റെ അവശ്യകത വ്യക്തമല്ല. മാത്രമല്ല. കോൺക്രീറ്റിംഗ് ചെയ്യുന്നതിന് മണ്ണ് മാറ്റുകയോ ചെയ്തിട്ടില്ല.
3. തനത് വർഷം ചെയ്ത 27.1 മീറ്റർ നീളത്തിൽ കട്ട വിരിച്ചത് മുൻ വർഷം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല.
2. എസ്റ്റിമേറ്റ് പ്രകാരവും റോഡിന്റെ സ്കെച്ചും ചെയിനേജ് പ്രകാരവും 236 മീറ്റർ നീളത്തിലാണ് കോൺക്രീറ്റിംഗ് ചെയ്യേണ്ടത് എങ്കിലും എം ബുക്ക് പ്രകാരം 272.9 നീളത്തിലാണ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് .
എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിലും അധികം പ്രവൃത്തി ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം ഈയിനത്തിൽ എസ്റ്റ്മേറ്റിൽ അധികരിച്ച് പ്രവൃത്തി ചെയ്യാനുള്ള സാഹചര്യം വിശദീകരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റും ഫയലിൽ ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ അധികരിച്ച് പ്രവൃത്തിയിനങ്ങൾ ചെയ്യുന്ന സാഹചര്യത്തിൽ ആയതിന്റെ സാഹചര്യം വിശദീകരിക്കുന്ന മേൽപ്പറഞ്ഞ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.15 തീയതി 27.02.2023) നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-2022 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാർഡ് 2 വലിയ പറമ്പ് റോഡ് പ്രൊ.നം. 206/22 | 221001097 | 49000 | 0 | 49000 |
| | വെള്ളാരമറ്റം മില്ലേറ്റുപടി കുടിവെള്ള പദ്ധതി | 221001098 | 51000 | 0 | 51000 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 221001098 | 100000 | 0 | 100000 |
| | ആകെ | | 200000 | 0 | 200000 |

വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതിരുന്നതിനാൽ നൽകിയ തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പ്രളയത്തിൽ നാശം സംഭവിച്ച തോടുകളുടേയും പുഴകളുടേയും പുനരുദ്ധാരണം - പ്രവൃത്തി ചെയ്ത സ്ഥലം വ്യക്തമല്ല

| | |
|---|---|
| പ്രവൃത്തി | പ്രളയത്തിൽ നാശം സംഭവിച്ച തോടുകളുടേയും പുഴകളുടേയും പുനരുദ്ധാരണം |
| പ്രൊജക്റ്റ് | 122/22 |
| കരാറുകാരൻ | അനാസ് എം എം |
| എഗ്രിമെന്റ് | 45/AE/LSGD/20-21 Dtd 15-10-20 |
| എം. ബുക്ക്. | 469/20-21 |
| ബിൽ നം. | 255, 14/3/22 Rs. 3,93,134<br>139, 6/12/21 Rs. 73,639 |
| എസ്റ്റിമേറ്റ് തുക | 9,00,000/- |
| ആകെ പ്രവൃത്തി | 7,93,135/- |

എസ്റ്റിമേറ്റ് പ്രകാരം 102.7 മീറ്റർ തോടിന്റെ ഇരുവശങ്ങളിലുമായി ആകെ 205.4 മീറ്റർ നീളത്തിൽ 1.5 മീറ്റർ ഉയരത്തിൽ റബിൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുകയാണ് പ്രവൃത്തി.
എന്നാൽ എം-ബുക്ക് പ്രകാരം തോടിന്റെ പല സ്ഥലങ്ങളിലായി ഫസ്റ്റ് പാർട്ട് ബില്ല് പ്രകാരം 124.68 മീറ്റർ നീളത്തിൽ 30-3-2021 – ലും സെക്കന്റ് & ഫൈനൽ ബില്ല് പ്രകാരം 64 മീറ്റർ നീളത്തിൽ 6-1-22–ലും പ്രവൃത്തി ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഈ പ്രവൃത്തി ചെയ്യേണ്ട സ്ഥലം / തോട് ഏതാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. ഫയലിൽ ഒരിടത്തും ഇത് വ്യക്തമല്ല. സംരക്ഷണഭിത്തി നിർമ്മിച്ചതിന് ഒരു ഘനമീറ്ററിന് (Od909014/20-21) പ്രകാരം 2797.02/- രൂപയാണ് കണക്കാക്കിയത്. എന്നാൽ ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് ഒരു ഘനമീറ്ററിന് (Od909014/20-21) പ്രകാരം 2,466/- രൂപ പ്രകാരമാണ്.
ഓഡിറ്റ് പരാമർശങ്ങൾ
1. സംരക്ഷണഭിത്തി നിർമ്മിക്കേണ്ട സ്ഥലം / നിർമ്മിച്ച സ്ഥലം ഏതാണ് എന്ന് ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.
2. പ്രളയത്തിൽ നാശം സംഭവിച്ച തോടുകളുടേയും പുഴകളുടേയും പുനരുദ്ധാരണം ആണ് പ്രവൃത്തി. ആയതിനാൽ തകർന്ന് വീണ (ഡിപ്പാർട്ട്മെന്റ് സ്റ്റോൺ) കല്ല് ഉപയോഗിച്ചാണോ സംരക്ഷണ ഭിത്തി നിർമമിച്ചത് എന്ന് വ്യക്തമല്ല.
3. പ്രവൃത്തി എസ്റ്റിമേറ്റ് ശരിയായ രീതിയിൽ അല്ല തയ്യാറാക്കിയത് എന്ന് കാണുന്നു.
ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.14 തീയതി 27.02.2023) നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ല. പ്രവൃത്തി നടത്തുന്ന സ്ഥലത്തിന്റെ ചെയിനേജ്, പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്നിവ വ്യക്തമായി പ്രതിപാദിക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-19 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ നെൽകൃഷിയ്ക്ക് കൂലിചെലവും പച്ചില വളത്തിന്റെ വിത്തും, കിഴങ്ങ് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി എന്നീ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റ് പേര്/ | അടങ്കൽ | ചെലവ് | നടപടിക്രമം നം/ |
|---|---|---|---|---|

| നം | നമ്പർ | | | തീയതി |
|---|---|---|---|---|
| 1 | നെൽകൃഷിയ്ക്ക് കൂലിചെലവും പച്ചില വളത്തിന്റെ വിത്തും, എസ് 0033/22 | 10,25,500 | 7,13,000 | 95, 27.09.2021, 188, 24.01.2022, 190, 24.01.2022, 220,21.02.2022, 219, 21.02.2022 |
| 2 | കിഴങ്ങ് കൃഷിയ്ക്ക് കൂലിചെലവ്, എസ് 0034/22 | 1,00,000 | 1,00,000 | 189/24.01.2022 |

14.2.2018 തിയ്യതിയിലെ സ.ഉ(കൈ) നം.22/2018/തസ്വഭവ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ മേൽ പ്രോജക്ടുകളിൽ പാലിച്ചിട്ടില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം മേൽ പ്രോജക്ടുകളുടെ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി രണ്ട് പ്രോജക്ടുകളിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നെൽകൃഷിയ്ക്ക് കൂലിചെലവും പച്ചില വളത്തിന്റെ വിത്തും പദ്ധതിയിലെ ഗുണഭോക്താക്കൾ വിള ഇൻഷ്വറൻസ് തുക മുൻകൂറായി അടയ്ക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത് അടച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 25.02.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി ലഭ്യമാക്കിയില്ല.
പ്രോജക്ട് ഫയലിനോടൊപ്പം കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ, കൃഷി ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രങ്ങൾ, കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് എടുത്തതായിട്ടുള്ള രേഖകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തിയ രേഖകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

1-20 ലൈഫ് പദ്ധതി -ഭവന നിർമ്മാണം- കൈപ്പറ്റിയ തുക തിരിച്ചടപ്പിക്കണം

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | ലൈഫ് പദ്ധതി -ഭവന നിർമ്മാണം S011/22 |
| അടങ്കൽ തുക | 16,45,074/- ജില്ലാ പഞ്ചായത്ത് വിഹിതം<br>22,34,926/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,20,000/- ഗ്രാമപഞ്ചായത്ത് വിഹിതം<br>1,10,00,000/- വായ്പ<br>50,00,000/- സംസ്ഥാന വിഹിതം |
| ആകെ | 2,00,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവ് തുക | 80,000/- ജില്ലാ പഞ്ചായത്ത് വിഹിതം<br>2,26,975 /- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>80,000/- ഗ്രാമപഞ്ചായത്ത് വിഹിതം<br>1,33,025/- വായ്പ |
| ആകെ | 5,20,000/- |

2021-2022 സാമ്പത്തികവർഷം പഞ്ചായത്തിൽ നടപ്പാക്കിയ "ലൈഫ് പദ്ധതി -ഭവന നിർമ്മാണം " എന്ന പ്രൊജക്ടിൽ 5,20,000/- രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പ്രൊജക്ടിൽ ഉൾപ്പെട്ടിരുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2020 ജൂലൈയിൽ കരാർ ഒപ്പുവെച്ച് പണി ആരംഭിച്ചതാണ്. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയതായി കാണുന്നില്ല.
ഈ പ്രൊജക്ടിന്റെ ഭാഗമായി താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥലം ലഭിച്ച ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി സതി മത്തായി പുറക്കാട്ടിൽ, അടിവാട് | 40000 | 11/11/2020 |
| | | 160000 | 14/12/2020 |
| | | 100000 | 16/03/2022 |
| | ആകെ | 3,00,000 | |
| 2 | ശ്രീമതി തങ്കമ്മ ശ്രീദേവി വിലാസം അടിവാട് | 40000 | 31/08/2022 |
| | | 160000 | 10/10/2022 |
| | | 100000 | 26/10/2022 |
| | | 5000 | 12/12/2022 |
| | ആകെ | 3,05,000 | |

ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം നിലവിൽ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 3/21-22 തീയതി. 22.02.2023) ന് നല്കിയ മറുപടിയിൽ ശ്രീമതി സതി മത്തായിക്കെതിരെ ആർ.ആർ. നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും, ശ്രീമതി തങ്കമ്മ 2022-2023 ൽ ബാക്കി നിൽക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.
മേൽസാഹചര്യത്തിൽ ശ്രീമതി സതി മത്തായി പണി പൂർത്തീകരിക്കാൻ സാധ്യതയില്ലാത്തതിനാൽ ടിയാരി കൈപ്പറ്റിയ 3,00,000/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയതിലെ അപാകത

എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെട്ട് 5000 രൂപയുടെ പഠനോപകരണങ്ങൾ ലഭിച്ച കുട്ടി വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം ഖണ്ഡിക 3-1 ൽ ചേർക്കുന്നു.

## 1-22 വായനശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വാങ്ങൽ- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 75/ 21-22 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്തിലെ വായനശാലകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വാങ്ങൽ |
| ആകെ അടങ്കൽ | 41500 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 39085 |
| ബിൽ നം., തീയതി, തുക | 32, 11.06.2021 -18918/-<br>100, 30.09.2021 -6802/-<br>251, 11.03.2022- 13365/- |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ലൈബ്രറികൾക്ക് പത്രങ്ങളും, ആനുകാലികങ്ങളും വാങ്ങുവാൻ വികസനഫണ്ടിൽ നിന്നും 39085 രൂപ ചെലവാക്കിയിരുന്നു. വികസനഫണ്ടിൽ നിന്നും ലൈബ്രറികളുടെ ആവർത്തനചെലവുകൾക്കായി തുകനൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തീയതി 22.02.2023) മറുപടി ലഭ്യമായില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ പരിപാലനം- മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ പരിപാലനം S0 57/22 |
| അടങ്കൽ തുക | 54,000/- പൊതു വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക | 54,000/- പൊതു വിഹിതം |

2021-2022 സാമ്പത്തികവർഷം പഞ്ചായത്തിൽ നടപ്പാക്കിയ "ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ പരിപാലനം" എന്ന പ്രൊജക്ടിന്റെ ഭാഗമായി ടെൻഡർ ചെയ്തതിൽ 5 ടെൻഡറുകൾ ലഭിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. റൗഫ് എം.എം. പേഴക്കാപ്പിള്ളി, മൂവാറ്റുപുഴ എന്നയാൾക്ക് 54,000/- രൂപയ്ക്ക് ടെൻഡർ ഉറപ്പിച്ച് നല്കി.

| ക്രമ നമ്പർ | മിനിമാസ്റ്റ് / ഹൈമാസ്റ്റ് ലൈറ്റുകൾ | ചെലവ് തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | Adivadu Thekkethara Highmast Lights<br>(3 Lights) | 18,000 | 54,000/-<br>128/21-22<br>11/10/2021 |
| 2 | Mavudi Minimast (2 Lights) | 12,000 | |

| | | |
|---|---|---|
| 3 | Panchayat Kavala Minimast (2 Lights) | 12,000 |
| 4 | Pimattom Minimast - (2 Lights) | 12,000 |
| | ആകെ തുക | 54,000 |

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2020-21 വർഷം വരെ 12 മിനി/ ഹൈമാസ്റ്റ് ലൈറ്റുകളും, 2021-22 കാലയളവിൽ 4 എണ്ണവും ഉൾപ്പെടെ ആകെ 16 മിനി/ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ലൈറ്റുകളുടെ വൈദ്യുതചാർജ്ജിനത്തിൽ പ്രതിമാസം 11,000/-രൂപയും, പ്രതിവർഷം ശരാശരി 81,000/- രൂപയും പഞ്ചായത്തിന് ചെലവുണ്ട്. ഇത് കൂടാതെയാണ് മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ ഭാഗമായി അറ്റകുറ്റപ്പണികൾക്കായി 54,000/- രൂപ 2021-2022 സാമ്പത്തികവർഷത്തിൽ മിനി/ ഹൈമാസ്റ്റ് ലൈറ്റുകളുടെ പരിപാലനം എന്നാവശ്യത്തിനായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 16/21-22 തീയതി. 28.02.2023 ന് പഞ്ചായത്ത് നല്കിയ മറുപടി കൂടി പരിഗണിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) മിനിമാസ്റ്റ് / ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിക്കുമ്പോൾ ലൈറ്റുകൾ സ്ഥാപിക്കുന്നതിനോടൊപ്പം 3 വർഷത്തെ റീപ്ലേസ്മെന്റ് വാറന്റി, തുടർന്നുള്ള 3 വർഷത്തേക്കുള്ള AMC എന്നിവ കൂടി ടെൻഡറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നത് വഴി വർഷാവർഷമുള്ള അറ്റകുറ്റപ്പണിയുടെ ചെലവ് കുറയ്ക്കാവുന്നതാണ്.

2) മിനിമാസ്റ്റ് / ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിലവിലുള്ള തെരുവുവിളക്കുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.യുമായി ചേർന്ന് കൈക്കൊള്ളേണ്ടതാണ്. ഇത് മൂലം പഞ്ചായത്തിന് മേലുള്ള വൈദ്യുതചാർജ്ജിന്റെ അധികബാദ്ധ്യത ഒഴിവാക്കാവുന്നതാണ്. ( ജി.ഒ.(പി) നം. 27/2017/ധന തീയതി 26.02.2017)

3) ഇത് കൂടാതെ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത തെരുവുവിളക്കുകൾ കണ്ടെത്തി അവ ആവശ്യമെങ്കിൽ റദ്ദാക്കുകയും, വഴിവിളക്കുകൾ അത്യാവശ്യം വേണ്ടിടത്ത് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - തുക നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം,<br>പ്രോജക്ടിന്റെ പേര് | 73/21-22,<br>എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| ആകെ അടങ്കൽ, ഫണ്ടിനം | 100000/- (എസ്.സി.പി. ഫണ്ട്) |
| ആകെ ചെലവ് | 100000/- |
| ബിൽ നം, തീയതി | 290, 27.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

മേൽ പദ്ധതി പ്രകാരം 5,000/- രൂപയുടെ പഠനോപകരണങ്ങൾ ലഭിച്ച അമൽകൃഷ്ണൻ, മുണ്ടക്കപറമ്പിൽ ഹാജരാക്കിയിരിക്കുന്നത് 2019 ഡിസംബറിൽ പാസായ ഡിപ്ലോമ കോഴ്സിന്റെ സർട്ടിഫിക്കറ്റും, മാർക്ക് ലിസ്റ്റുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7, തീയതി 25.02.2023) മറുപടി ലഭ്യമായില്ല. വിദ്യാർത്ഥികൾക്ക് മാത്രം നൽകേണ്ട സഹായം നിലവിൽ വിദ്യാർത്ഥിയല്ലാത്ത ഒരാൾക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 5000/- രൂപ മേൽ വ്യക്തിയിൽ നിന്നോ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് |

അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ആപാകതകൾ ഖണ്ഡിക 2-1-1 ൽ ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2021-22 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 226975 | ലൈഫ് ഭവനപദ്ധതി-ജനറൽ | 226975 | 0 |
| | 2021-22 | 99708 | ലൈഫ് ഭവന പദ്ധതി-എസ്.സി. | 99708 | 0 |
| | 2021-22 | 100000 | ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ | 100000 | 0 |
| | 2021-22 | 309750 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 309750 | 0 |
| | 2021-22 | 200000 | പൂരക പോഷകാഹാരം | 200000 | 0 |
| | 2021-22 | 80000 | ക്ഷീരകർഷകർക്ക് സബ്സിഡി | 80000 | 0 |
| | ആകെ | 1016433 | | 1016433 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 80000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 80000 | 0 |
| | 2021-22 | 680000 | ലൈഫ് ഭവന പദ്ധതി-എസ്.സി. | 680000 | 0 |
| | 2021-22 | 200000 | ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ | 200000 | 0 |
| | 2021-22 | 309750 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 309750 | 0 |
| | 2021-22 | 214600 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 214600 | 0 |
| | 2021-22 | 127500 | നെൽക്കൃഷി വികസനം | 127500 | 0 |
| | 2021-22 | 25000 | ക്ഷീരകർഷകർക്ക് സബ്സിഡി | 25000 | 0 |
| | ആകെ | 1636850 | | 1636850 | 0 |

.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വാർഡ് 2 വലിയ പറമ്പ് റോഡ് പ്രൊ.നം. 206/22 | 221001097 | 49000 | 0 | 49000 |
| | വെള്ളാരമറ്റം മില്ലേറ്റപടി കുടിവെള്ള പദ്ധതി | 221001098 | 51000 | 0 | 51000 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 221001098 | 100000 | 0 | 100000 |
| | ആകെ | | 200000 | 0 | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിലുള്ള തുക തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലോൺ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 14328235 | 13713333 | 0 | 1965332 | 0 | 11748001 |

## 4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,13,22,471 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,14,79,653 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,12,403.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 5000 | ശ്രീമതി പാത്തുമ്മ ബീവി ഹെഡ്മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 200000 | ശ്രീ.എം.എം.ഷംസുദ്ദീൻ,സെക്രട്ടറി |
| 1-13 | 12403 | ഡോ. കെ പി സുധാരത്നം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 212403 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എം.ഷംസുദ്ദീൻ | സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് | മംഗലത്ത് (H) കുവല്ലൂർ P.O, പല്ലാരിമംഗലം |
| പാത്തുമ്മ ബീവി ഹെഡ്മിസ്ട്രസ് | സർവ്വീസിൽ നിന്നും വിരമിച്ച | ഈറക്കൽ പല്ലാരിമംഗലം P.O. |
| ഡോ.കെ.പി.സുധാരത്നം | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, മണിക്കിണർ | ബി-2, ലക്ഷ്മി ടവേഴ്സ്, തൃപ്പൂണിത്തുറ P.O. |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുറിപ്പുകൾ |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.പി.3-273/02/ 2.7.99 | |
| 1998-99 | എൽ.എഫ്.ഇ.പി.3-1352/2000/ 21.5.2001 | |
| 1999-2000 | എൽ.എഫ്.ഇ.പി.3-1382/04/ 14.3.2004 | |
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/ 17.9.04 | |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/ 17.9.04 | |
| 2000-01 ചെലവ് | എൽ.എഫ്.ഇ.പി.3-311/05/ 4.11.2005/ 4.1.06 | |
| 2001-02 ചെലവ് | എൽ.എഫ്.ഇ.പി.3-312/05/ 4.11.05/4.1.06 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/ 24.11.06/ 15.9.07 | |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/ 24.11.06/ 15.9.07 | |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/ 24.11.06 / 15.9.07 | |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/ 24.11.06 / 15.9.07 | |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 / 07/9.3.2010/ 9.6.10 | |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/ 16.7.09/ 5.10.09 | |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/ 10.4.12 /1.8.12 | |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/ 7.4.12/ 1.8.12 | |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/ 10.2.12 /6.3.12 | |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/ 11.3.14/ 9.4.2014 | |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 | |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 | |
| 2014-15 | കെ.എസ്.എ./ഇ.കെ.എം. (പി 3)1077/2016 02.07.2016 | |
| 2015-16 | കെ.എസ്.എ./ഇ.കെ.എം. (പി 3)2205/2016 23.12.2016 | |
| 2016-17 | കെ.എസ്.എ./ഇ.കെ.എം. (പി 3)1398/2017 14.09.2017 | |
| 2017-18 | കെ.എസ്.എ./ഇ.കെ.എം. (പി 3)160/2019 12.03.2019 | |
| 2018-19 | കെ.എസ്.എ./ഇ.കെ.എം(പി 14)237 / 20 , 12.03.20 | |
| 2019-20 | കെ.എസ്.എ./ഇ.കെ.എം. (പി 14) 1288 / 21 തീ. 22.11.2021 | |
| 2020-21 | കെ.എസ്.എ./ഇ.കെ.എം. (പി 14) 1289/ 21 തീ. 14.12.2021 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്